# ശ്രീ. വിജയേശ്വരി ഹൈസ്കൂൾ

## ചെറിയനാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

AnyScanner

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ശ്രീ. വിജയേശ്വരി ഹൈസ്കൂൾ, ചെറിയനാട് |
| ഉപജില്ല | : | ചെങ്ങന്നൂർ |
| ബി.ആർ.സി | : | ചെങ്ങന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| പഞ്ചായത്ത് | : | ചെറിയനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | ചെങ്ങന്നൂർ |
| നിയമസഭ മണ്ഡലം | : | ചെങ്ങന്നൂർ |
| ജില്ല | : | ആലപ്പുഴ |
| വർഷം | : | 2025 – 2026 |

AnyScanner

# ശ്രീ വിജയേശ്വരി ഹൈസ്കൂൾ

## ചെറിയനാട്

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ചെറിയനാട് വില്ലേജിൽ പടനിലം ജംഗ്ഷന് സമീപം തലമുറകൾക്ക് അക്ഷരത്തിൽ ചാലിച്ച അറിവുകൾ പകർന്ന് നൽകി, പതിറ്റാണ്ടുകളുടെ പൈതൃകം പേറി നിലകൊളളുന്ന ശ്രീ വിജയേശ്വരി ഹൈസ്കൂൾ കേവലമൊരു വിദ്യാലയം മാത്രമല്ല അത് വിജ്ഞാനത്തിന്റെയും സംസ്കൃതിയുടെയും നിറവിൽ ചെറിയനാട് പ്രഥമ മഹാവിദ്യാലയമായി ശോഭിക്കുന്നു.

കാർഷിക സ്നേഹത്തിന്റെ വിശാലതയും ഗ്രാമീണതയുടെ പുണ്യവും മണ്ണിൽ വിയർപ്പ് ലയിപ്പിച്ച് സമൃദ്ധി വിളയിച്ചിരുന്ന ഇന്നലെകളിൽ ചെറിയനാടിന് പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തുടർപഠനത്തിന് സാധ്യതകൾ ഇല്ലാതിരുന്ന കാലം 1937 മേയ് 18 -ന് ചെറിയനാട് നാക്കോലയ്ക്കൽ ആലിന്റെ കന്നിമേൽ ശ്രീ. ഏ.ഒ വർഗ്ഗീസ് എന്ന നന്മകളുടെ വലിയ വ്യക്തിത്വം സചിമോത്തമവിലാസം സ്കൂൾ എന്ന പേരിൽ വിദ്യാലയം സ്ഥാപിച്ചു. അങ്ങനെ ചെറിയനാടിന്റെ തലമുറകളിലേക്ക് വിദ്യയുടെ വിളക്ക് കൊളുത്തി.

സ്കൂളിന്റെ കെട്ടിടവും മതിലും പണിയാൻ കല്ലും മണലും ചുമന്ന് നീങ്ങിയ വിദ്യാർത്ഥികളും അദ്ധ്യാപകരും നാട്ടുകാരും സ്കൂളിന്റെ ആരംഭകാല ഓർമ്മകൾ ഇന്നും ആവേശത്തോടെ ഏറെ അഭിമാനത്തോടെ ഈ നാട് ഹൃദയത്തിൽ സൂക്ഷിക്കുന്നു. അന്നത്തെ ആ ജനകീയതയാണ് ഇന്നും ഈ വിദ്യാലയത്തിന്റെ മുഖപ്രസാദം.

ഈ വിദ്യാലയത്തിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.എൻ.എം ഉമ്മൻസാറും ആദ്യ അദ്ധ്യാപകനായി എ.സി ഉണ്ണുണ്ണിയും പ്യൂൺ ആയി എം.കെ വർഗ്ഗീസും ആയിരുന്നു. അവർ തുടങ്ങി വച്ച ദൌത്യം പിൻതലമുറക്കാർ ഏറ്റെടുത്തു കൂടുതൽ ശക്തിയോടെയും ഓജസ്സോടും മുന്നോട്ട് കൊണ്ടുപോകുന്നു.

നാടിന് അക്ഷരവെളിച്ചം പകർന്ന് നൽകി സചിമോത്തമവിവലാസം സ്കൂൾ പിന്നീട് ചെറിയനാട് ലൂർദ് മാതാ റോമൻ കത്തോലിക്ക പള്ളി വികാരിയായിരുന്ന ഫാദർ.എം.എം.വർഗ്ഗീസ് ശ്രമഫലമായി കൊല്ലം രൂപത മെത്രാൻ അഭിവന്ദ്യ ജെറോം എം. ഫെർണാണ്ടസ് തിരുമേനി ഏറ്റെടുത്തു. തുടർന്ന് സ്കൂളിന്റെ പേര് ശ്രീ വിജയേശ്വരി സ്കൂൾ

എന്നാക്കി മാറ്റി. 1957 -ൽ കേരള വിദ്യാഭ്യാസ ബില്ലിനെ തുടർന്ന് എയ്ഡഡ് സ്കൂളായി വിജയേശ്വരി സ്കൂൾ മാറി 1975 -ൽ ഹൈസ്കൂൾ ആയി.

1986 -ൽ കൊല്ലം രൂപത വിഭജിച്ച് പുനലൂർ രൂപത രൂപം കൊണ്ടപ്പോൾ ശ്രീ വിജയേശ്വരി ഹൈസ്കൂൾ പുനലൂർ രൂപതയുടെ സ്ഥാപക ബിഷപ്പ് അഭിവന്ദ്യ മത്യാസ് കാപ്പിൽ തിരുമേനിയുടെ മേൽനോട്ടത്തിലായി തുടർന്ന് ജില്ലയിലെ തന്നെ മികച്ച സ്കൂളായി പേരെടുത്ത വിജയേശ്വരി സ്കൂളിൽ 1999 -ൽ ആൺകുട്ടികൾക്ക് കൂടി പഠനം നടത്തുവാനുള്ള അവസരം ലഭിച്ചു. 2022 -ൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സിനുള്ള അംഗീകാരം ലഭിച്ചപ്പോൾ സ്കൂൾ വീണ്ടും ഉന്നതിയിലേക്ക് വളരുകയായിരുന്നു.

അറിയാനുള്ള ആഗ്രഹമാണ് ഇവിടെ കുട്ടികൾക്ക് വേണ്ട മിനിമം യോഗ്യത, അവരുടെ കുലവും ധനവും ഒരിക്കലും ഒരു ഘടകമേ ആയിരുന്നില്ല. സാർവ്വത്രികവും സാർത്ഥകവുമായിരുന്നു എന്നും വിജയേശ്വരിയുടെ ലോകം. ഇവിടെ കുട്ടികൾക്ക് വിദ്യാഭ്യാസം ജന്മാവകാശമാണ്.

2003-ൽ ഫ്രാൻസീസ് ലൂസിംഗ് ഹെഡ്മാസ്റ്ററായിരുന്ന കാലത്ത് ജൂബിലി മന്ദിരം (ലൈബ്രറി ഹാൾ) പൊതുജന സഹായത്തോടെ നിർമ്മിച്ചു. സ്കൂൾ വളർന്നു. ഭൗതിക സാഹചര്യങ്ങൾ പരിമിതമായി. മാനേജ്മെന്റ് പുതിയ സാധ്യതകൾ ചിന്തിച്ചു. 2008 ഏപ്രിൽ 26 -ന് പുനലൂർ രൂപതയുടെ ബിഷപ്പ് ഡോ.ജോസഫ് കരിയിൽ പുതിയ സ്കൂൾ മന്ദിരത്തിന് ശിലാ സ്ഥാപനം നടത്തി. 2010- ജനുവരി 13 - ന് സ്കൂൾ വാർഷികാഘോഷദിനത്തിൽ നാടിന്റെ ഉത്സവ ലഹരിയിൽ പുനലൂർ രൂപതാദ്ധ്യക്ഷൻ റൈറ്റ്.റവ.ഡോ.സെൽവിസ്റ്റർ പൊന്നു മുത്തൻ സ്കൂൾ മന്ദിരം ആശീർവദിച്ച് നാടിന് സമർപ്പിച്ചു.

ഈ മന്ദിരം നിർമ്മിക്കാൻ സാമ്പത്തികമായി സഹായിച്ച സ്വിറ്റ്സർലാന്റ്കാരനായ ശ്രീ.ജോസഫ് വിഡെർക്കർ എന്ന മഹത് വ്യക്തിയുടെ സാന്നിധ്യവും ഈ അവസരത്തിൽ ഉണ്ടായിരുന്നു. നന്മ നിറഞ്ഞ അദ്ദേഹത്തെ ആദരവോടെ നന്ദി പൂർവ്വം സ്മരിക്കുന്നു. ഈ സംരംഭത്തിന് നേതൃത്വം നൽകിയത് സ്കൂൾ മാനേജർ റവ:ഡോ:ജോൺസൺ ജോസഫും ഹെഡ്മിസ്ട്രസ് മേരിക്കുട്ടി ടീച്ചറുമായിരുന്നു. അദ്ധ്യാപകരും, കുട്ടികളും, രക്ഷിതാക്കളും, നാട്ടുകാരും ഈ വലിയ സംരംഭത്തിൽ എല്ലാ അർത്ഥത്തിലും പങ്കാളികളായി.

ചെറിയനാടിന്റെ ആഴങ്ങളിൽ വേരോടിയും ആകാശത്തിൽ തലയുയർത്തിയും പാർശ്വങ്ങളിൽ ചില്ലകൾ പടർത്തിയും തണൽ വിരിച്ചും ഒരരയാൽ പോലെ ഇന്നും നിൽക്കുന്ന ശ്രീ. വിജയേശ്വരി ഹൈസ്കൂളിൽ 524 കുട്ടികളും 28 അദ്ധ്യാപകരും 4 അനദ്ധ്യാപകരുമായി ശ്രീമതി സുജ ജോസഫിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

2024 - 2025 SSLC പരീക്ഷയിൽ 19 കുട്ടികൾക്ക് എല്ലാ വിഷയങ്ങൽക്കും A+ ഉം ലഭിച്ചു. അക്ഷരത്തിന്റെ പ്രകാശ ലോകത്ത് വർഷങ്ങളായി ഇവിടുത്തെ കുട്ടികൾ നൂറ് മേനി കൊയ്യുന്നു.

കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പഠനത്തോടൊപ്പം പാഠ്യേതര രംഗത്തും മികച്ച പ്രതിഭകൾ സ്കൂളിന്റെ അഭിമാനം ഉയർത്തിയിട്ടുണ്ട്. പ്രശസ്തരായ നിരവധി വ്യക്തികളെ ഈ സ്കൂൾ സൃഷ്ടിച്ചിട്ടുണ്ട്.

വിദ്യയെ ചലനാത്മകമാക്കുകയും ആഹ്ലാദ പൂർണ്ണമായ സംവേദനത്തിന് പ്രചോദിപ്പിക്കുകയും ചെയ്യുന്ന ബോധനമാമ് വിജയേശ്വരി പകർന്ന് നൽകുന്നത്. തലമുറകൾ ജീവിതത്തെ ചലനാത്മകവും ചൈതന്യഭരിതവുമാക്കി നന്മകളെ സഫലമാക്കുകയും ചെയ്യുന്നു. ഇവിടെ മക്കളിലൂടെ മാതാപിതാക്കൾ അനുഭവിക്കുന്നത് ആനന്ദമാണ്. ഇവിടെയാണ് ശ്രീ വിജയേശ്വരി സൂര്യതേജസ്സോടെ ധന്യത നേടുന്നത്.

ഇനിയും വൈവിധ്യമാർന്നതും തനിമയുള്ളതുമായ ഇടപെടലുകളിലൂടെ കുട്ടികളെ നന്മയിലേക്ക് നയിക്കാനും പൊതുവിദ്യാഭ്യാസത്തിന്റെ ഉന്നതമായ മൂല്യങ്ങളിലേക്ക് മുന്നേറാനും നമുക്ക് കഴിയണം. വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ശക്തമായ ഇടപെടലുകളിലൂടെ പ്രകടമായ മാറ്റം സാധ്യമാക്കണം. അചഞ്ചലമായ ഇച്ഛാശക്തിയോടെ സമഗ്രജനകീയ വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകി, അതിന്റെ വഴിവിളക്കായി ശ്രീ വിജയേശ്വരി ഹൈസ്കൂളിന് കടമകൾ നിർവ്വഹിക്കാം.

അതിനാവശ്യമായ കർമ്മ പദ്ധതികൾ പാഠ്യ - പാഠ്യേതര രംഗത്ത് ആവിഷ്കരിച്ചുകൊണ്ട് നമുക്ക് പ്രവർത്തിക്കാം.

## വിജയേശ്വരി സ്കൂളിന്റെ ദർശനം.

വിദ്യാഭ്യാസത്തിന്റെ ഉന്നതമായ മൂല്യങ്ങൾ, പാഠ്യ - പാഠ്യേതര വിഷയങ്ങളിലും അനുബന്ധ പ്രവർത്തനങ്ങളിലും അറിവിന്റെ പ്രയോഗശേഷിയും പ്രതികരണശേഷിയും ജനാധിപത്യപെരുമാറ്റരീതികളുമെല്ലാം കുട്ടികൾക്ക് പകർന്ന് നൽകുന്നതിനും വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് വിവരസാങ്കേതിക വിദ്യയുടെ പിൻബലത്തോടെ സമൂഹത്തിൽ മൂല്യബോധമുള്ള ഉത്തമ പൗരന്മാരെ സൃഷ്ടിക്കാൻ ഉതകുന്ന തരത്തിൽ അതിനു വേണ്ടുന്ന ഭൗതികവും അക്കാദമികവുമായ സാഹചര്യങ്ങൾ ഒരുക്കുക എന്നതാണ് വിജയേശ്വരി ഹൈസ്കൂളിന്റെ ലക്ഷ്യം.

## അക്കാദമിക ലക്ഷ്യങ്ങൾ പൂർത്തീകരണത്തിന്.

എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉൾപ്പെടെയുള്ള പഠന സമഗ്രഹികൾ ഉണ്ട് എന്ന വസ്തുത ഉറപ്പ് വരുത്തുക.

കുട്ടികളുടെ ഹാജർ നില പൂർണ്ണമായി നിലനിർത്തുകയും അച്ചടക്കത്തോടെ മുന്നോട്ട് ആകർഷിക്കപ്പെടുകയും ചെയ്യുക.

എല്ലാ തലങ്ങളിലുമുള്ള ക്ലാസ്സുകളിലും വായനയ്ക്കുള്ള മഹത്വം കുട്ടികളെ ബോധ്യപ്പെടുത്തി വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുക. ഇതിനായി സ്കൂളിലെ ലൈബ്രറിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

എല്ലാ ക്ലാസ്സുകളിലും ലൈബ്രറി ഉണ്ടാക്കുക.അതിന്റെ നടത്തിപ്പും കുട്ടികളെ പരിശീലിപ്പിക്കുക. ഇതിൽ എല്ലാ കുട്ടികൾക്കും അവസരം നൽകാനും ശ്രദ്ധിക്കുക.

എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനുമുള്ള സാഹചര്യം സൃഷ്ടിക്കണം. വായനയുടെ അനന്ത സാധ്യതകളിലൂടെ നമ്മുടെ കുട്ടികൾ വളരണം. ഇതിലൂടെ അന്വേഷണാത്മക പഠനരീതിയിലേക്ക് കുട്ടികളെ നയിക്കാൻ നമുക്ക് കഴിയും.

ഇതിനായി അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായ പ്രവർത്തനം ഉണ്ടാകാൻ ആവശ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കും.

പൊതുസമൂഹത്തിന്റെ പിന്തുണ തേടുന്നതിന് പരിപാടികൾ സംഘടിപ്പിക്കും.

ദിനാചരണങ്ങൾ നല്ല നിലയിൽ പ്ലാൻ ചെയ്യും. സാഹിത്യസദസ്സുകളും മറ്റും നടത്തും. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനം വിപുലീകരിക്കും. ഭാഷ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കും.

സ്കൂൾ അസംബ്ലിയിൽ എല്ലാ ക്ലാസ്സുകളുടെയും പങ്കാളിത്തവും ഉറപ്പ് വരുത്തും.

സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനത്തിൽ സജീവതയും വിപുലീകരണവും ഉണ്ടാകുന്നതിനാവശ്യമായ കർമ്മ പരിപാടികൾ പ്ലാൻ ചെയ്യും.

## ഹരിത വിദ്യാലയം

പാരിസ്ഥിതി സൗഹൃദ വിദ്യാലയമാക്കി മാറ്റാനും പാരിസ്ഥിതിക അവബോധം കുട്ടികളിൽ സൃഷ്ടിക്കാനും ആവശ്യമായ നടപടി സ്വീകരിക്കും.

പാരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കും. വിദ്യാവനം പരിപാലിച്ച് സംരക്ഷിക്കും. ഇതിനെ കൂടുതൽ വിപുലീകരിച്ച് ആകർഷകമാക്കും. വനംവകുപ്പിന്റെ സഹായത്തോടെ കുട്ടികൾക്ക് ആവശ്യമായ പദ്ധതികളും പഠന ക്ലാസ്സുകളും പഠന യാത്രകളും നടത്തും.

## അവസര സമത്വം

ലിംഗ -സമത്വവും - അവസര സമത്വം ഉറപ്പ് വരുത്തുന്ന വിദ്യാലയമായിരിക്കും, ആൺ - പെൺ വിവേചനമില്ലാ
ത്തതും അവസര തുല്യത ഉറപ്പാക്കുന്നതുമായ സമീപനവും വളർത്തിയെടുക്കുവാൻ ആവശ്യമായ പദ്ധതികൾ നടപ്പാക്കും.
സമൂഹത്തിന്റെ നന്മയെ പ്രതിഫലിക്കാത്ത രീതി മികച്ച വ്യക്തികളായി കുട്ടികളെ വളർത്തുവാൻ ആവശ്യമായ ക്ലാസ്സുകൾ,
അനുബന്ധ പരിപാടികൾ സമയാസമയങ്ങളിൽ സംഘടിപ്പിക്കണം.

AnyScanner

## കൈത്താങ്ങാകുന്ന വിദ്യാലയം

സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവർക്ക് പിന്തുണയേകി ഹൃദയപൂർവ്വം ചേർത്ത് പിടിക്കാൻ ഇ വിദ്യാലയത്തിന് കഴിയും. അർഹരായവർക്കും വേണ്ടുന്ന പിന്തുണ ഏത് രംഗത്താണ് ആവശ്യം അത് കണ്ടറിഞ്ഞ് ആവശ്യമായ സഹായം ചെയ്യുക. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിയ്ക്കുവാൻ ആവശ്യമായ പിന്തുണ എല്ലാ അർത്ഥത്തിലും നൽകുക. പഠനോപകരണങ്ങൾ, യൂണിഫോം, ഭക്ഷണം, വൈദ്യസഹായം, ആവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം, മാനസ്സികമായ പിന്തുണ തുടങ്ങിയവ നൽകുക. ഇതിനായി പി റ്റി എ യുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പൊതു സമൂഹത്തെ ആവശ്യമായ പ്ലാനിങ്ങോട് കൂടി ബന്ധപ്പെടുത്തുക.

## ഗൃഹാന്തരീക്ഷം വിദ്യാലയം

ശിശു സൗഹൃദവും ശിശുകേന്ദ്രീകൃതവുമാക്കിക്കൊണ്ട് വിദ്യാലയത്തിൽ ഭവനാന്തരീക്ഷം ഒരുക്കുക.മകനായും മകളായും വിദ്യാർത്ഥികളെ കാണുന്ന അദ്ധ്യാപകരായി എല്ലാവരും പ്രവർത്തിക്കണം. കുട്ടികളുടെ സന്തോഷവും സങ്കടവും വിജയവും പരാജയവും പറയാൻ കവിയുന്ന സമൂഹമായി അദ്ധ്യാപകർ മാറണം. ഇതിന്റെ ഉത്തമ മാതൃകയായി ഇവിടുത്തെ അദ്ധ്യപകർ ഉണ്ട്.

## സമൂഹ സൗഹൃദ വിദ്യാലയം

വിദ്യാലയത്തിന്റെ സമഗ്രമായ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ധ്യാപകരോടൊപ്പം രക്ഷകർത്താക്കളുടെയും പൊതു സമൂഹത്തിന്റെയും പിന്തുണയും സഹകരണവും നേടുവാൻ ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കണം.

പൊതുസമൂഹത്തിന്റെ സാധ്യതകൾ ഉൾപ്പെടുത്തിയാകണം അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ. സാമൂഹ്യ വിഷയങ്ങളിൽ ഇടപെടാനും സമൂഹത്തിന്റെ ആകെ വിശ്വാസം ആർജ്ജിക്കാനും സ്കൂളിന്റെ പ്രവർത്തനത്തിന് കഴിയണം. ആവശ്യമായ പഠനവും മുൻകരുതലും ഉൾക്കാഴ്ചയും എല്ലവിധ പ്രവർത്തനത്തിലും സ്കൂൾ സമയാസമയങ്ങളിൽ ആസൂത്രണം ചെയ്യും.

## അറിവ് നിർമ്മാണം

അറിവ് പകർന്ന് കൊടുക്കുന്നതോടൊപ്പം അറിവ് സൃഷ്ടിക്കാൻ കഴിയുന്നവരാകണം അധ്യാപകർ. ആവശ്യമായ ശാക്തികരണ പരിപാടികൾ ആസൂത്രണം ചെയ്യുന്ന വിദ്യാലയമാണ് നമ്മുടെ വിദ്യാലയം. പുതിയ അറിവുകളെ അധ്യാപകർക്കും കുട്ടികൾക്കും, രക്ഷിതാക്കൾക്കും പരിചയപ്പെടുത്തുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ വിജയേശ്വരി സ്കൂൾ ശ്രദ്ധിക്കും.

നേരിടുന്ന അക്കാദമിക പ്രശ്നങ്ങളെ മറികടക്കാൻ ഗവേഷണാത്മകമായി ഇടപെടുന്ന വിദ്യാലയമാക്കി ഇതിനെ വളർത്തിയെടുക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ നമുക്ക് സൃഷ്ടിക്കണം.

## പഠനത്തേയും/വിലയിരുത്തലിന്റെയും സാധ്യതകൾ

പഠനത്തേയും വിലയിരുത്തലിനെയും നിരന്തര മൂല്ല്യനിർണ്ണയത്തെയും അവരുടെ പരിചിതമായ സാഹചര്യങ്ങളിൽ വച്ചു തന്നെ വിലയിരുത്തലിനുള്ള മാർഗ്ഗങ്ങൾ രൂപീകരിക്കും.

കുട്ടിയും കുടുംബത്തെയും ചുറ്റുപാടിനെയും അറിയുക.

വിദ്യാർത്ഥികൾ സ്വയം വിലയിരുത്തലിനോടൊപ്പം അവൻ വ്യാപരിക്കുന്ന സമൂഹം ഒരു ഘടകമായി സ്വീകരിച്ചു കൊണ്ട് വിലയിരുത്തുക. ഒപ്പം സമസ്ത തലങ്ങളിലും ആവശ്യമായ പിന്തുണ വിദ്യാർത്ഥിയ്ക്ക് നൽകി അവനെ /അവളെ മുന്നോട്ട് ആത്മവിസ്വാസത്തോടെ നയിക്കുക. ഇതിന്റെ സാധ്യതകൾ നാം സ്വീകരിക്കുക.

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

റവന്യൂ ജില്ലയുടെ പേര് : Alappuzha

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | S V H S Cheriyanad |
| 2 | വിലാസം | Cheriyanad |
| 3 | ഫോൺ നമ്പർ | 914792361880 |
| 4 | ഇ-മെയിൽ വിലാസം | svhscheriyanad@gmail.com |
| 5 | സ്കൂൾ കോഡ് | 36010 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് / അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 5 അവസാനം: 10 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Chengannur |
| 11 | വിദ്യാഭ്യാസ ജില്ല | Mavelikkara |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1937 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Chengannur |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Mavelikkara (SC) |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Chengannur |
| 17 | താലൂക്ക് | Chengannur |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Cheriyanad |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

Reports

AnyScanner

ആറാം പ്രവൃത്തിദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ. ബി. സി | | | ജനറൽ | | | എ. പി. എൽ | | | ബി. പി. എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 2 | 19 | 25 | 44 | 4 | 6 | 10 | 0 | 0 | 0 | 5 | 5 | 10 | 4 | 3 | 7 | 3 | 7 | 10 | 3 | 4 | 7 | 11 | 11 | 22 | 8 | 14 | 22 |
| 6 | 3 | 41 | 31 | 72 | 11 | 9 | 20 | 0 | 0 | 0 | 4 | 2 | 6 | 9 | 6 | 15 | 14 | 8 | 22 | 3 | 6 | 9 | 22 | 11 | 33 | 19 | 20 | 39 |
| 7 | 3 | 40 | 32 | 72 | 7 | 4 | 11 | 0 | 0 | 0 | 6 | 9 | 15 | 12 | 12 | 24 | 11 | 5 | 16 | 4 | 2 | 6 | 21 | 16 | 37 | 19 | 16 | 35 |
| 8 | 4 | 46 | 64 | 110 | 3 | 11 | 14 | 0 | 1 | 1 | 2 | 10 | 12 | 16 | 20 | 36 | 20 | 14 | 34 | 5 | 8 | 13 | 33 | 36 | 69 | 13 | 28 | 41 |
| 9 | 3 | 45 | 65 | 110 | 9 | 17 | 26 | 0 | 1 | 1 | 3 | 8 | 11 | 11 | 14 | 25 | 11 | 13 | 24 | 11 | 12 | 23 | 28 | 37 | 65 | 17 | 28 | 45 |
| 10 | 3 | 47 | 59 | 106 | 4 | 15 | 19 | 0 | 0 | 0 | 12 | 13 | 25 | 14 | 8 | 22 | 12 | 16 | 28 | 5 | 7 | 12 | 33 | 47 | 80 | 14 | 12 | 26 |
| ആകെ | | 238 | 276 | 514 | 38 | 62 | 100 | 0 | 2 | 2 | 32 | 47 | 79 | 66 | 63 | 129 | 71 | 63 | 134 | 31 | 39 | 70 | 148 | 158 | 306 | 90 | 118 | 208 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 1 | 3 | 4 | 18 | 22 | 40 | 0 | 0 | 0 | 0 | 0 | 0 | 19 | 25 | 44 |
| 6 | 5 | 4 | 9 | 36 | 27 | 63 | 0 | 0 | 0 | 0 | 0 | 0 | 41 | 31 | 72 |
| 7 | 3 | 3 | 6 | 37 | 29 | 66 | 0 | 0 | 0 | 0 | 0 | 0 | 40 | 32 | 72 |
| 8 | 2 | 1 | 3 | 44 | 63 | 107 | 0 | 0 | 0 | 0 | 0 | 0 | 46 | 64 | 110 |
| 9 | 4 | 3 | 7 | 41 | 62 | 103 | 0 | 0 | 0 | 0 | 0 | 0 | 45 | 65 | 110 |
| 10 | 5 | 1 | 6 | 42 | 58 | 100 | 0 | 0 | 0 | 0 | 0 | 0 | 47 | 59 | 106 |

AnyScanner

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 20 | 15 | 35 | 218 | 261 | 479 | 0 | 0 | 0 | 0 | 0 | 0 | 238 | 276 | 514 |

| ഭാഷാവിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നട | | | അഡീ. ഹിന്ദി | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 6 | 11 | 17 | 7 | 8 | 15 | 6 | 6 | 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 28 | 16 | 44 | 5 | 13 | 18 | 8 | 2 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 26 | 12 | 38 | 7 | 9 | 16 | 7 | 11 | 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | 46 | 61 | 107 | 0 | 0 | 0 | 0 | 3 | 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | 41 | 57 | 98 | 0 | 0 | 0 | 4 | 8 | 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 38 | 49 | 87 | 0 | 0 | 0 | 9 | 10 | 19 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 185 | 206 | 391 | 19 | 30 | 49 | 34 | 40 | 74 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

ഹെഡ്മാസ്റ്ററുടെ ഒപ്പ്

സ്ഥലം :

തീയതി :

Report Taken on July 31, 2025, 12:39 pm

AnyScanner

## PTA Executive

1. വിശാൽ കൃഷ്ണൻ (പ്രസിഡന്റ്)
2. ജെസ്സി ക്ലീറ്റസ് (വൈസ് പ്രസിഡന്റ്)
3. ഷൈല ഷാജഹാൻ
4. നിസാ റഹ്മത്ത്
5. സുജ ബിനു
6. നിഷ ഷാജി
7. ബീന സജി
8. സവിത രാജേഷ്
9. ഷാന്റി. പി. ജോൺ
10. ആശ വിനോദ്
11. അമ്പിളി ഭദ്ര
12. റഷീദ് റ്റി.ബി
13. ആശമോൾ. കെ
14. പ്രശാന്ത് റ്റി.കെ
15. അനിൽ റ്റി. ജോർജ്ജ്
16. ഷാജിമോൾ ഷിബി
17. റഫീഖ് എം

## MPTA Members

1. ഗ്രീഷ്മ ജിജോ
2. സെമി രാജ്
3. ലേഖ സന്ദീപ്
4. സിമി സണ്ണി
5. ബിജിമോൾ. ബി
6. ശാലിനി ചാക്കോ
7. പ്രിയങ്ക
8. പ്രീത സുനിൽ
9. ജയ്നി ആർ
10. മിനി മനോജ്
11. ജെസ്സി മാത്യു
12. സോജാ റ്റി.ഡി
13. ജേക്കബ് മൈക്കിൾ
14. അലോഷ്യസ്
15. അഭിജിത്
16. സജീവ്. ബി
17. ജുബൈർ
18. പ്രിയ
19. ദീപ ചാൾസ്
20. സുജ തോമസ്
21. ആശ ജേക്കബ്
22. റൂബി മേരി

AnyScanner

# ഭൗതിക സാഹചര്യങ്ങൾ

| വിഷയം | നിലവിലുള്ള അവസ്ഥ | പരിമിധി | നേട്ടങ്ങൾ | മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ |
|---|---|---|---|---|
| ലഭ്യമായ ക്ലാസ്സ് മുറികൾ | 18 | മഴക്കാലത്ത് വെളിച്ചം ലഭിക്കുന്നില്ല. | | |
| സയൻസ് ലാബ് | 1 | എല്ലാം വിഷയങ്ങൾക്കും ഒരു ലാബ് | ഈ വർഷം ആഡിറ്റോറിയം നിർമ്മിച്ചു. | ആവശ്യമായ ഉപകരണങ്ങൾ ലൈബ്രറി/ലാബ് എന്നിവയ്ക്ക് ഉണ്ടാകണം |
| കമ്പ്യൂട്ടർ ലാബ് | 1 | 5 കമ്പ്യൂട്ടറുകൾ മാത്രം | | |
| ഓഫീസ് മുറി | 1 | | | |
| ഹെഡ്മിസ്ട്രസ് റൂം | 1 | | | |
| സ്റ്റാഫ് റൂം | 2 | അധ്യാപികമാരുടെ സ്റ്റാഫ് റൂം സൗകര്യം വിപുലീകരിക്കണം. എൻ.സി.സി ഓഫീസും സ്റ്റോറും ഒരു മുറിയിൽ | | സ്റ്റോറിന്റെ സൗകര്യം മെച്ചപ്പെടണം |
| കോപ്പറേറ്റിവ് സ്റ്റോർ<br>എൻ.സി.സി ഓഫീസ് | 1 | | | ഓരോ വിഷയത്തിനും ഒട/ഡജ തലത്തിൽ ലാബുകൾ ഉണ്ടാകണം |
| ലൈബ്രറി | 1 | ഇനി ഭൗതിക സാഹചര്യങ്ങളും പുസ്തകങ്ങളും വേണം. | | |
| സ്മാർട്ട് ക്ലാസ്സ് റൂം | 10 | ഇനിയും മെച്ചപ്പെടുത്തണം | | സ്മാർട്ട് ക്ലാസ്സ് റൂം ലാബും മെച്ചപ്പെടുത്തണം.. |
| ഐ സി റ്റി സൗകര്യങ്ങൾ | 10 | ഭൗതിക സാഹചര്യങ്ങൾ എല്ലാം ഇനിയും ഉണ്ടാകണം | | |
| ആഡിറ്റോറിയം | ഉണ്ട് | | | വൈറ്റ് ബോർഡ് ക്രമീകര ക്കണം |
| വൈറ്റ് ബോർഡ് | ഇല്ല | | | |
| സ്കൂൾ ബസുകൾ | 3 എണ്ണം | ഇനി ഒരു ബസിന്റെ ആവശ്യം കൂടി ഉണ്ട് | മൂന്ന് ബസുകൾ വാങ്ങി. | |

# ഭൗതിക സാഹചര്യങ്ങൾ

| വിഷയം | നിലവിലുള്ള അവസ്ഥ | പരിമിതി | നേട്ടങ്ങൾ | മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ |
|---|---|---|---|---|
| പാചകപ്പുര | ഉണ്ട് | | സർക്കാർ സഹായം കൊണ്ട് നിർമ്മിച്ചത് | ഭക്ഷണം കഴിക്കുന്നതിനുള്ള പ്രത്യേക സൗകര്യം ക്രമീകരണം |
| പാത്രങ്ങൾ | ഉണ്ട് | കുറച്ച് കൂടി പാത്രങ്ങൾ വാങ്ങണം | | |
| മറ്റ് ഭൗതിക സാഹചര്യങ്ങൾ | ഉണ്ട് | ഭക്ഷണപ്പുരയോട് ചേർന്ന് ഹാളിൽ ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യങ്ങൾ ഇല്ല. | | ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കണം. |
| ഡൈനിംഗ് ഹാൾ | ഇല്ല | ഭൗതിക സാഹചര്യം ഇല്ലാത്തത് | | |
| മാലിന്യ സംസ്ക്കരണ സംവിധാനം | ഇല്ല | ഉണ്ടായിരുന്നത് നില നിർത്താൻ കഴിഞ്ഞില്ല. | | ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കണം |
| പച്ചക്കറിത്തോട്ടം | ഇല്ല | സ്ഥല സൗകര്യം | | പച്ചക്കറിത്തോട്ടം ഉണ്ടാകണം |
| കുടിവെള്ളം | ഉണ്ട് | വേനൽക്കാലത്ത് വെള്ളം ഇല്ല. | ഒരു കിണർ മഴ വെള്ള സംഭരണി | വെള്ളത്തിന്റെ സൗകര്യം മെച്ചപ്പെടുത്തണം |
| ടാപ്പുകൾ | ഉണ്ട് | | | |
| ചുറ്റുമതിൽ | ഉണ്ട് | | | |
| വൈദ്യുതി | ഉണ്ട് | ചില സമയങ്ങളിൽ സർവ്വീസ് ലഭിക്കുന്നില്ല. | | |
| ശബ്ദ സംവിധാനം | മൈക്ക് ഉണ്ട് | പ്രവർത്തനം ചില ഘട്ടങ്ങളിൽ തടസ്സം നേരിടുന്നു | | ശബ്ദ സംവിധാനം മെച്ചപ്പെടുത്തണം. |

## ഭൗതിക സാഹചര്യങ്ങൾ

| വിഷയം | നിലവിലുള്ള സ്ഥിതി | പരിമിധി | നേട്ടങ്ങൾ | മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 2025 -2026 വർഷത്തെ പ്രവർത്തിദിനങ്ങൾ | 205 ദിവസം | പ്രാദേശിക അവധി സമരങ്ങൾ മഴക്കെടുതി എന്നിവ മൂലം നഷ്ടപ്പെടുന്ന ദിനങ്ങൾ 10 എണ്ണം | 10 -ാം ക്ലാസ്സിന് 9.15 മുതൽ 4.30 വരെ ക്ലാസ്സ് നടത്തുന്നു. | സിലബസ് മുൻകൂട്ടി പൂർത്തീകരിക്കുന്നു. |
| ശരാശരി പ്രതിദിന ബോധന സമയം | 4 മണിക്കൂർ 45 മിനിട്ട് 1 മണിക്കൂർ 15 മിനിട്ട് വിശ്രമം | | ഉച്ചയ്ക്ക് ചില കുട്ടികൾ ലൈബ്രറി പ്രയോജനപ്പെടുത്തുന്നു. | പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ എത്തിയ്ക്കുന്നതിൽ ത്രിതല പഞ്ചായത്തുകൾ ആവിഷ്കരിക്കുക. |
| റോഡ് സൗകര്യം | ഉണ്ട് | കുട്ടികൾക്ക് ആവശ്യത്തിന് പൊതുഗതാഗതം സൗകര്യം കോവിഡിനുശേഷം ഇല്ല. | | |
| ഗതാഗതം തടസ്സം | ചെറിയനാട് റയിൽവേ ഗേറ്റ് പൊതു ഗതാഗതത്തിൽ ആവസ്യത്തിന് ബസ്സുകൾ ഇല്ലാത്തത്. | കെ.എസ്.ആർ.റ്റി.സി. ബസ് ഇല്ല. പല സ്വകാര്യ ബസുകളും കോവിഡിന് ശേഷം നിർത്തി. | നിരവധി കുട്ടികൾ സൈക്കിൾ ഉപയോഗിക്കുന്നു. 3 സ്കൂൾ ബസുകൾ ഉള്ളത് | ജനപ്രതിനിധികളുടെ സഹായം |

## 2025 – 2026 വർഷത്തെ സാമൂഹ്യ പങ്കാളിത്തത്തോടെ വിദ്യാലയത്തിൽ ചെയ്ത പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | ഏറ്റെടുത്ത ഏജൻസികൾ/വ്യക്തികൾ |
|---|---|
| പഠനോപകരണ വിതരണം | പി റ്റി എ, സ്റ്റാഫ് |
| കളി ഉപകരണങ്ങൾ | പി റ്റി എ |
| സ്കൂൾ യൂണിഫോം | സ്റ്റാഫ്, പ്രമുഖ വ്യക്തികൾ |
| ഓണസദ്യ | പി റ്റി എ, സ്റ്റാഫ് |
| ക്രിസ്തുമസ് | സ്റ്റാഫ് |
| സ്കൂൾ ബസ് | മാനേജ്മെന്റ്/ സ്റ്റാഫ് |
| ചുറ്റുമതിൽ നിർമ്മാണം | മാനേജ്മെന്റ് |
| സ്കൂൾ ആഡിറ്റോറിയം | മാനേജ്മെന്റ് |
| ടാപ്പുകൾ | മാനേജ്മെന്റ് |
| ടൈൽ സ്ഥാപിച്ചത് | മാനേജ്മെന്റ് |
| ബെഞ്ച്/ഡസ്ക് നിർമ്മാണം | മാനേജ്മെന്റ് |
| സ്കൂൾ വാർഷികം | പി റ്റി എ |
| കലോത്സവം മറ്റ് മേളകൾ | സ്റ്റാഫ്, പി റ്റി എ |
| എസ് എസ് എൽസി കുട്ടികൾക്ക് പരിശീലനം | സ്റ്റാഫ് |
| പ്രതിഭകളെ ആദരിക്കൽ | പി റ്റി എ, സ്റ്റാഫ്, എം.എൽ.എ, ജില്ലാ പഞ്ചായത്ത് |
|  |  |

# 2025 – 2026 വർഷത്തിൽ മുൻഗണന നല്കുന്ന പ്രവർത്തനങ്ങൾ

പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുക.

കുട്ടികൾ അച്ചടക്കവും അനുസരണശീലവും വളർത്തുക.

കുട്ടികളിലെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുക.

ക്ലാസ്സ് മുറികൾ എല്ലാം ഹൈടെക് ആക്കുക.

സയൻസ് ലാബ് വിപുലീകരിക്കുക.

കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തുക.

ഭക്ഷണശാലയിൽ കുട്ടികൾ ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

ശബ്ദ സംവിധാനം മെച്ചപ്പെടുത്തുക.

ലൈബ്രറി വികസനം നടത്തുക.

കളി ഉപകരണങ്ങൾ കണ്ടെത്തുക.

പുതിയ കോർട്ടുകൾ നിർമ്മിക്കുക.

എല്ലാ മത്സരപരീക്ഷകളിലും കുട്ടികളുടെ പങ്കാളിത്തം -

എല്ലാ മേളകളിലും കൂടുതൽ പ്രതിഭകളെ സൃഷ്ടിക്കുക.

സ്കൂൾ ബസിന് ഷെഡ് നിർമ്മിക്കുക.

സ്കൂളിന്റെ പ്രവർത്തനം കൂടുതൽ ജനകീയ സഹകരണത്തോടെ മെച്ചപ്പെടുത്തുക.

നല്ല വിജയങ്ങൾ സൃഷ്ടിക്കുകയും പ്രതിഭകളെ ആദരിക്കുകയും ചെയ്യുക.

AnyScanner

# പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| കുട്ടികളുടെ പഠന<br>നിലവാരം ഉയർത്തൽ<br>മത്സരവേദികൾ<br>ഉപയോഗപ്പെടുത്തൽ<br>ക്ലബ് പ്രവർത്തനങ്ങൾ<br>കളികൾ, ഉപകരണങ്ങൾ<br>സർഗവേളകൾ<br>ലൈബ്രറി സാമഗ്രികൾ<br>ലാബ് സാമഗ്രികൾ<br>കമ്പ്യൂട്ടർ ലാബ്<br>ഐ സി റ്റി സംവിധാനങ്ങൾ<br>മികച്ച വിജയങ്ങൾ സൃഷ്ടിക്കൽ | മികച്ച ക്ലാസ്സ് മുറികൾ<br>ആരോഗ്യപരമായ ചുറ്റുപാട്<br>ലൈബ്രറി / ലാബ്<br>പാചകപ്പുര<br>ഗ്യാസ് കണക്ഷൻ<br>ജലവിതരണ സംവിധാനം<br>റാംബ് റെയിൻ സജ്ജീകരണങ്ങൾ<br>വാഹന സൗകര്യം<br>മികച്ച ചുറ്റുമതിൽ<br>സ്മാർട്ട് ക്ലാസ്സ് മുറികൾ<br>കളിസ്ഥലങ്ങൾ<br>പൂന്തോട്ടം<br>വിശ്രമ കേന്ദ്രങ്ങൾ<br>മൈക്ക് സെറ്റ്<br>സ്റ്റേജ് സൗകര്യങ്ങൾ<br>ആഡിറ്റോറിയം<br>കൗൺസലിംഗ് സെന്റർ<br>മികച്ച ഓഫീസ് | പ്രഭാതഭക്ഷണം പരിസ്ഥിതി സൗഹൃദം<br>വിവേചന രഹിത വിദ്യാലയം<br>ജീവിത നൈപുണി പരിശീലനം<br>കളിയുപകരണങ്ങൾ ശേഖരിക്കുക<br>വിദ്യാഭ്യാസ സദസ്സുകൾ,<br>സംവാദങ്ങൾ, സെമിനാറുകൾ<br>മേളകൾ സംഘടിപ്പിക്കുക.<br>മെഡിക്കൽ ക്യാമ്പ് നടത്തുക<br>രക്ഷിതാക്കൾക്ക് വെയിറ്റിംഗ് റൂം<br>വായന സൗകര്യവും നൽകുക<br>പി റ്റി എ ശക്തിപ്പെടുത്തുക<br>ക്ലബുകൾ, സന്നദ്ധ സംഘടനകൾ<br>പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ<br>സേവനം പ്രയോജനപ്പെടുത്തുക<br>വിദ്യാലയം വികസന സമിതി<br>രൂപീകരിക്കുക<br>പൂർവ്വാധ്യാപകരുടെ സേവനം തേടുക<br>വിദ്യാലയം വിഭവങ്ങളിലും വിജയങ്ങ<br>ളിലും സമൂഹത്തെക്കൂടി<br>ബന്ധപ്പെടുത്തുക. |

മേഖല - ഹൈസ്കൂൾ- മലയാളം　　　　അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം -അടിക്കുറിപ്പ്<br>9. ചിത്രം -കഥ എഴുതൽ<br>10.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ജൂലൈ-ഓഗസ്റ്റ്) | പുസ്തകങ്ങൾ ചിത്രങ്ങൾ | ഭാഷാ അദ്ധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോൽസവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം<br>10.ദിനാചരണം<br>11.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12.ആനുകാലീക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദ്യകരമായ വായന | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | ഭാഷാ അദ്ധ്യാപകർ |

AnyScanner

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 14. ഇ -വായന<br><br>1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനാക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന,സംഘ രചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10.സാഹിത്യ -സാംസ്കാരിക ചിത്ര ഗ്യാലറി. | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോകൾ | ഭാഷാ അദ്ധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക | 6 മാസം (ജൂലൈ - ഡിസംബർ) | ഓഡിയോ വീഡിയോ | ട്രെയിനർ ഭാഷാ അദ്ധ്യാപകർ |

## ACADEMIC MASTER PLAN - High School - English

| Objection | Activities | Time | Responsibility | Financial analysis |
|---|---|---|---|---|
| 1.Equip students to communicate in English with confidence | spoken English class renovation of English library<br>English Assembly English Corner story Time English Cartoon show | Holidays/Saturdays | PTA/Teachers | PTA/ Management |
| 2. Give opportunities for renditions in English | Cinemas & Documentary profile and script writing by watching some scenes from English movies, Role play | Along with the classroom activities | Teachers/SRY | English Club |
| 3. Equip with free writing and reading habit | School English Radio Word Cards, Sentence cards | Along with classroom activities | PTA/SRY/ Teachers | |
| 4. Dramatization | English Skit , English lab<br>Presenting some skits by finding some situations from the lessons that the students learn. | Saturdays, English Camps | English Club | Parents |

AnyScanner

| | | | | |
|---|---|---|---|---|
| 5. Equips them for poem writing and for poem recitation | Opportunity for the students to listen to English poems conducting competitions on poetry writing and recitation | Amidst classroom activities Saturdays | Teachers/ SRY/PTA | English Club |
| 6. Make use of ICT for improving the proficiency of the students | Conducting video conferences with famous writers and critics/English Test/ English Films/English Dramas. | Holydays | Teachers/SRY PTA | PTA/SRY |
| 7. Organize English Discussions | Create opportunities for the students to make discussions with the native speakers. | Saturdays | SRY/PTA | PTA/English Club SRY |

AnyScanner

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| Sl. No | Programme | Activity | Duration | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | യുപി തലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ❖ അക്ഷരം<br>❖ ചിഹ്നം ഉറപ്പിക്കൽ<br>❖ അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>❖ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>❖ ഓൺലൈൻ അക്ഷരമാല കളികൾ<br>❖ വാക്കുകൾ എഴുതിയ കാർഡുകൾ<br>❖ വാക്കുകൾ നിർമ്മാണം<br>❖ വാക്യങ്ങളുടെ നിർമ്മാണം<br>❖ (എച്ച്.എസ്. വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി , മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. | June to August | അക്ഷര ചാർട്ട്<br>പാഠ പുസ്തകം | |
| 2 | വീട് ഒരു പരീക്ഷണശാല( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | ❖ വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>❖ ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | September to October | ഹിന്ദി നിഘണ്ടു | PTA<br>BRC<br>Resources. Tr. |

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | ❖ ഹിന്ദി അസംബ്ലി<br>❖ ദിനാചരണങ്ങൾ<br>❖ (സെപ്റ്റംബർ 14, ജനുവരി - 10)<br>❖ ക്ലാസ് ലൈബ്രറി<br>❖ അധിക വായനാ സാമഗ്രികൾ<br>❖ ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ.<br>❖ ചിത്രം അടിക്കുറിപ്പ്<br>❖ ചിത്രം കഥ പറയൽ<br>❖ ചിത്രം കഥ എഴുതൽ<br>❖ കഥ ബാക്കി എഴുതൽ<br>❖ വായനമൂല<br>❖ ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | BRC DIGIT PTA |

## പൊതുവായ കാര്യങ്ങൾ

- ❖ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുക.
- ❖ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തുക.
- ❖ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾആസൂത്രണം ചെയ്യുക.
- ❖ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കണം.
- ❖ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തമാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം,ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. | അക്ഷരമാല തുടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിടയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ |
| അക്ഷരങ്ങൾഎഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തീയതി ഹിന്ദിയിൽ എടുക്കാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ ചിത്രകല എന്നിവ വായിച്ച് ആശയം അവതരണം. | കേട്ടെഴുത്ത് , പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ എന്നിവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിസീ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ - ജൂലൈ |

| | | |
|---|---|---|
| ലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസിലാക്കുന്ന വാക്യ ഘടന പരിചയപ്പെടുത്തുന്നു. | കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്ന സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. (पानी, प्रकृति) പോസ്റ്റർ തയ്യാരാക്കുവാൻ അറിയുന്നു. കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാരാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യ നിർണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദന കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുന്നു. | ഡിസംബർ - നവംബർ |

**ഒമ്പതാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിസീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസിലാക്കുന്ന വാക്യ ഘടന പരിചയപ്പെടുത്തുന്നു. | കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്ന സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. (पानी, प्रकृति) പോസ്റ്റർ തയ്യാരാക്കുവാൻ അറിയുന്നു. കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാരാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യ നിർണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദന കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുന്നു. | ഡിസംബർ - നവംബർ |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നി ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനം നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികലുടെ മികച്ച പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. - .<br>എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ ജനുവരി - . |

# Academic Master Plan 2025 – 2026 (Physical Science)

- <u>പൊതുവായ ലക്ഷ്യങ്ങൾ</u>
- ശാസ്ത്ര രംഗത്തോട് കുട്ടികൾക്ക് താത്പര്യം കൊണ്ടുവരണം
- ശാസ്ത്രത്തിന്റെ അത്ഭുതങ്ങൾ കാട്ടി കൊടുക്കണം.
- ശാസ്ത്രം നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താൻ തയ്യാറാക്കുക
- ശാസ്ത്രം എല്ലാ മേഖലയിലും ആവശ്യമുള്ളതായി കുട്ടികളെ ബോധ്യപ്പെടുത്തണം.
- ശാസ്ത്രത്തിന്റെ വലിയ ലോകം തുറന്നുകൊടുത്ത് കുട്ടികളെ കുഞ്ഞുശാസ്ത്രജ്ഞരാക്കി മാറ്റുക
- നമുക്ക് ചുറ്റുമുള്ള ഓരോ പ്രവർത്തനത്തിനു പിന്നിലുള്ള ശാസ്ത്രം കണ്ടെത്താൻ പ്രേരിപ്പിക്കുക.

| Program & Activity | Duration | ഭൗതീകം പിന്തുണ |
|---|---|---|
| • Science Lab തയ്യാറാക്കൽ<br>• Science Club രൂപീകരിച്ചു<br>• ലീഡർമാരെ തിരഞ്ഞെടുത്തു<br>സയൻസ് പ്രോജക്ട് ടോപ്പിക്സ് ചർച്ചചെയ്തു<br>• ജൂലൈ 21 സയൻസ് ക്ലബ്ബ് ഉദ്ഘാടനം ചാന്ദ്രദിനം ആചരിക്കുന്നു<br>• ജൂലൈ 27 അബ്ദുൾകലാം ഓർമ്മ ദിവസം സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>• പോസ്റ്റർ നിർമ്മാണം , സയൻസ് ക്വിസ് നടത്തണം അബ്ദുൾകലാം വേഷമിട്ട കുട്ടിയെ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നതോടൊപ്പം കുട്ടികളോട് വചനങ്ങൾ പറയുന്നു. | June to August | ICT |

| | |
|---|---|
| • സ്കൂളിൽ സയൻസ് ഫെസ്റ്റ് നടത്തണം<br>• ശാസ്ത്ര മേളയ്ക്കുവേണ്ടിയുള്ള സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ പ്രോജക്ട് , ഇംപ്രവൈസേഷൻ എന്നിവ തയ്യാറെടുപ്പിച്ച് ഉപജില്ല, ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.<br>• സയൻസ് ടൂർ നടത്തണം<br>• ഓണപ്പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുപ്പിക്കണം.<br>• ക്ലാസ് ടെസ്റ്റ് നടത്തി കൂടുതൽ ശ്രദ്ധകൊടുക്കേണ്ട മേഖലകണ്ടെത്തുന്നു.<br>• കൂടുതൽ സഹായം ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നടത്തുന്നു.<br>• സയൻസ് ലാബ്, ICT എന്നിവയുടെ സഹായത്താൽ ക്ലാസുകൾ ഊർജ്ജസ്വലമാക്കുന്നു<br>• ക്രിസ്തുമസ് പരീക്ഷയ്ക്കുവേണ്ടി തയ്യാറാക്കുന്നു.<br>• പാഠഭാഗങ്ങൾ ഡിസംബറിൽ തന്നെ തീർക്കണം.<br>• മാസാവസാനം ക്ലാസ് ടെസ്റ്റുകൾ നടത്തുന്നു.<br>• ഓണം ,ക്രിസ്തുമസ് മാർക്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് below average,average, above average | Sept. to Nov. |

AnyScanner

എന്നവിഭാഗത്തിൽ കുട്ടികളെ
തരം തിരിച്ചിരുത്തണം.

- നിലവാരം അനുസരിച്ച് ഓരോ കുട്ടികളെയും പരിഗണിച്ച് ക്ലാസുകൾ ചിട്ടപ്പെടുത്തണം
- മുൻവർഷങ്ങളിലെ ചോദ്യങ്ങൾ ചെയ്യിപ്പിക്കണം
- മോഡൽ പരീക്ഷയ്ക്ക് വേണ്ടി തയ്യാറാക്കണം
- പഠന നിലവാരം മനസ്സിലാക്കി കൂടുതൽ പ്രയാസമേറുന്ന ഭാഗങ്ങൾ കൂടുതൽ എളുപ്പമാക്കുന്നു.
- വാർഷിക പരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കണം

AnyScanner

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം | പിന്തുണ സംവിധാനം |
|---|---|---|---|---|---|
| ഗണിതത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക. | ഗണിതത്തിലൂടെ കുട്ടിയെ അറിയുന്നു ഗണിതാശയത്തെ തിട്ടപ്പെടുത്തുന്നു | രണ്ടാഴ്ച (ജൂൺ) | ഗണിതാധ്യാപിക | - | - |
| ഗണിതത്തെ ആയാസരഹിതമാക്കി മാറ്റുക | ഗണിതം രസകരമാക്കി അവതരിപ്പിക്കുക.. | ജൂൺ | " | - | - |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികളെ മറികടക്കാൻ കുട്ടികൾക്ക് പിന്തുണ നൽകുക. | കളിയിലൂടെ ഗണിതത്തെ ആയാസരഹിതമാക്കുന്നു. ഉപകരണങ്ങളുടെ സഹായം നൽകുന്നു. ഗണിതം ഓരോ കുട്ടിയുടെ അരികിലേക്ക് ഗണിത പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര പ്രക്രിയ നടത്തുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ഗണിതാധ്യാപിക | Rs. 1000/- | PTA |
| ഗണിത പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നൽകുക. | പാഠഭാഗങ്ങളെ ബന്ധപ്പെടുത്തി ആവശ്യമായ ICT ടീച്ചിംഗ് Aid രൂപപ്പെടുത്തുന്നു. | ഒരു വർഷം | ഗണിതാധ്യാപിക | Rs. 3000/- | PTA |
| സ്വന്തം ജീവിതത്തിൽ ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | ഗണിത മാസിക വിവരശേഖരണം രേഖപ്പെടുത്തൽ മത്സരങ്ങൾ. | ഒക്ടോബർ | ഗണിതാധ്യാപിക | Rs. 1000/- | PTA |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | ഗണിതശാസ്ത്രജ്ഞന്മാരുടെ ദിനാചരണങ്ങൾ ഗണിതലാബ് നിർമ്മാണം മത്സരങ്ങൾ നടത്തുക. വിജയികൾക്ക് പ്രോത്സാഹനം നൽകുക. | ഒരു വർഷം | " | Rs. 20,000 | പിറ്റിഎ പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| ഗണിത പഠനശേഷി വികസിപ്പിക്കുക. | ഹൈടെക് ക്ലാസ്സ് റൂം ഗ്രന്ഥങ്ങൾ, മോഡൽസ്, പാർട്ടുകൾ ലളിതമായ ഗണിത കളികൾ മത്സരങ്ങൾ നടത്തുക. ഗണിതമേള പ്രതിഭകൾക്ക് അനുമോദനം നൽകുക. | 6 മാസം | ഗണിതാധ്യാപിക | Rs. 3000 | പിറ്റിഎ |
| ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും ഗണിത പഠനത്തെ പ്രയോജനപ്പെടുത്തുക. | ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക. ഗണിത ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കുക. പഠന യാത്ര നടത്തുക. | നവംബർ | ഗണിതാധ്യാപിക | Rs. 10,000 | പിറ്റിഎ |

AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ലൈബ്രറി | ഗ്രാമീണ മേഖലയിൽ നിന്ന് വരുന്ന കുട്ടികൾക്ക് ആവശ്യത്തിന് പുസ്തകം ലഭിക്കാതെ വരുകയും അവർക്ക് പുറത്ത് പോയി ശേഖരിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു. ഇതിനായി വിദ്യാലയത്തിൽ ഒരു ലൈബ്രറി വികസനം. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകരോടൊപ്പം മറ്റു അധ്യാപകരുടെ പിന്തുണയോടെ |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സാമൂഹ്യശാസ്ത്ര ലാബ് | സാമൂഹ്യശാസ്ത്ര പഠനത്തിന് സാമൂഹ്യ ശാസ്ത്ര ലാബിന്റെ ആവശ്യകത SRG യോഗത്തിൽ ആവസ്യപ്പെടുന്നു. ഗലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക, | സ്കൂൾ പാർലമെന്റ് പാർലമെന്റ് പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കാ | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| പൗരബോധം, മൂല്യബോധം ഇവ വളർത്തുക<br><br>പ്രയാസമേറിയ സാമൂഹ്യസാസ്ത്ര ഭാഗങ്ങൾ മനസ്സിലാക്കാനുതകുന്ന വർക്ക് ഷീറ്റുകൾ | യുള്ള പ്രവർത്തനങ്ങൾ നട ത്തുന്നു.<br>ഭിന്നനിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ നൽകുന്നു.മോഡലുകൾ ചാർട്ടുകൾ ഇവ നിർമ്മിക്കുന്നു.<br>സ്വയം ചെയ്യൽ<br>ഗ്രൂപ്പിൽ ചെയ്യൽ | ദിനങ്ങളിൽ | |
| ചാർട്ടുകൾ<br>മോഡലുകൾ<br>ഇവ തയ്യാറാക്കൽ<br>ബാങ്ക് സന്ദർശനം | ബാങ്ക് പ്രവർത്തനം<br>ATM<br>credit card<br>Debit card<br>വായ്പ, നിക്ഷേപം<br>മറ്റു പ്രവർത്തനം<br>ഇവയെ കൂടുതൽ അറിയാൻ | അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ<br><br>അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പൊതുസ്ഥലങ്ങളുടെ ശുചീകരണം | പൊതുസ്ഥലങ്ങൾ വൃത്തി യായി സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാ ണെന്ന അവബോധം കുട്ടി കൾക്ക് ഉണ്ടാക്കുക | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## അക്കാദമിക മാസ്റ്റർപ്ലാൻ - BIOLOGY

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ജീവശാസ്ത്ര പഠനത്തിലൂടെ എല്ലാ കുട്ടികലിലും മുൻക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. | • പ്രീ-ടെസ്റ്റ് ചോദ്യനിർമ്മാണം, ടെസ്റ്റ് മൂല്യനിർണ്ണയം.<br>• ബോധനസാമഗ്രികൾ തയ്യാറാക്കൽ ആസൂത്രണം.<br>• ആശയധാരണകൾ ഉറപ്പിക്കൽ<br>• പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് വിനിമയം. | June<br>July | അധ്യാപകർ | |
| 2 | നൂതന അറിവുകളെ update ചെയ്യലും ജീവ ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും. | • Science club രൂപീകരണവും പദ്ധതി തയ്യാറാക്കലും.<br>• Bulletin Board നിർമ്മാണം കാര്യക്ഷമമായ ഉപയോഗം.<br>• വ്യത്യസ്ത ശാസ്ത്രക്ലാസുകൾ - നിർമ്മാണം. | അതാതു സമയങ്ങളിൽ | അധ്യാപകർ<br>SRG<br>ക്ലബ്ബംഗങ്ങൾ | PTA |
| 3 | ശാസ്ത്രലാബിന്റെ നവീകരണം | • വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ.<br>• ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാക്രമീകരണങ്ങൾ ഇവ സജ്ജമാക്കൽ.<br>• Class - കളിലേയ്ക്ക് കൊണ്ടുപോകുന്ന Mobile lab kit | July<br>August | അധ്യാപകർ | |
| 4 | അന്യമായികൊണ്ടിരിക്കുന്ന കാർഷിക വീണ്ടെടുക്കൽ പേരകൃതിയെ അടുത്തറിയാനുള്ള അവസരമൊരുക്കൽ. | • സ്കൂൾ ക്യാമ്പസിൽ പഴം, പച്ചക്കറി ഔഷധത്തോടും ശലഭോദ്യാസം.<br>• ശാസ്ത്രീയനാമം, പ്രാദേശികനാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ. | ഒരു വർഷം | അധ്യാപകർ | |
| 5 | മാലിന്യമുക്ത - ആരോഗ്യശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | • പരിസരശുചീകരണം- കൊളാഷ്<br>• കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്, വൈദ്യപരിശോധന. | അതാതു സമയങ്ങളിൽ | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | • ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്<br>• ആരോഗ്യ സർവ്വേ | | | |
| 6 | ശാസ്ത്രം പ്രയോഗിക്കാനുള്ളതാണെന്ന് മനസിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം. | • സ്കൂൾ ശാസ്ത്രമേള<br>• ശാസ്ത്രോപകരണനിർമ്മാണ ശില്പശാല<br>• അനാട്ടമിപാർക്ക് (അവയവവ്യവസ്ഥകൾ)<br>• ലഘുപരീക്ഷണങ്ങൾ,മോഡൽ നിർമ്മാണം.<br>• ശാസ്ത്ര ക്വിസ്.<br>• ബയോഗ്യാസ് പ്ലാന്റ് | ആദ്യ ടേം<br>പ്രസ്വ കാലം | അധ്യാപകർ | |
| 7 | പ്രയാസമേറിയ പാഠഭാഗങ്ങൾ മനസ്സിലാക്കാനുതകുന്ന work sheet കൾ തയ്യാറാക്കൽ. | • ഭിന്നനിലവാരക്കാരും ഭിന്നശേഷിക്കാരും പ്രത്യേകം W. S. തയ്യാറാക്കുന്നു.<br>• സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | July | അധ്യാപകർ | |
| 8 | ജീവശാസ്ത്ര പഠനം രസകരമാക്കാനും താല്പര്യമുണർത്താനും. | • ശാസ്ത്രദിനാചരണങ്ങളുടെ ആഘോഷം.<br>• സ്പെസിമെൻ ശേഖരണം.<br>• ചാർട്ടുകൾ, പതിപ്പുകൾ - നിർമ്മാണം.<br>• പഠനയാത്രകൾ (Bio diversity)പാർക്കുകൾ, അക്വേറിയങ്ങൾ, Botonical ഗാർഡനുകൾ) | യഥാസമയങ്ങളിൽ | അധ്യാപകർ | |
| 9 | ശാസ്ത്രപ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽകൂട്ടാക്കിമാറ്റാൻ. | • പ്രതിഭകൾക്ക് പ്രത്യേക പരിശീലനം.<br>• ശാസ്ത്ര വിദഗ്ദ്ധരുമായി അഭിമുഖം.<br>• ജൈവ വൈവിധ്യ പ്രദേശങ്ങൾ സന്ദർശിക്കൽ | രണ്ടാം ടേം | അധ്യാപകർ | |
| 10 | ശാസ്ത്രപഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (JCT) സാധ്യതകൾ. | • പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ ആനിമേഷൻ വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ smart സംവിധാനങ്ങൾ ഉപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനും ഉപയോഗിക്കൽ | എല്ലായ്പ്പോഴും | അധ്യാപകർ | |

AnyScanner

## ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം | പിന്തുണ സംവിധാനം |
|---|---|---|---|---|---|
| വ്യക്തിഗത ആരോഗ്യത്തെക്കുറിച്ച് കുട്ടികളിൽ ധാരണകൾ ഉണ്ടാക്കുക. | സെമിനാർ<br>വ്യക്തിഗതാരോഗ്യത്തെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ധാരണയുണ്ടാകുന്നതിനായി സെമിനാർ സംഘടിപ്പിക്കുക. | ജൂൺ | കായികാധ്യാപകർ | Rs. 3000 | പ്രാഥമികാരോഗ്യ കേന്ദ്രം<br>പിറ്റിഎ |
| കായിക ക്ഷമതാ പഠനത്തെ കുറിച്ചുള്ള ധാരണ കുട്ടികളിൽ സൃഷ്ടിക്കുക | ഫീൽഡ് ട്രിപ്പ്<br>വിവിധ കായിക കേന്ദ്രങ്ങൾ സന്ദർശിക്കുന്നു. | ഒരു വർഷം | കായികാധ്യാപകർ<br>പ്രഥമാധ്യാപിക | Rs. 250000 | പിറ്റിഎ<br>പൂർവ്വ വിദ്യാർത്ഥികൾ |
| ക്രിക്കറ്റ്, ഫുട്ബോൾ, വോളിബാൾ തുടങ്ങിയ കളികളിലെ ശാസ്ത്രീയ അറിവ് നൽകുന്നു. | ബാറ്റിംഗ്, ബൗളിംഗ്, ഫീൽഡിംഗ്, ക്യാമ്പിംഗ്, വിക്കറ്റ് കീപ്പിംഗ്, പാസിംഗ്, ബ്ലോക്കിംഗ് തുടങ്ങി കളികളിലെ ആവശ്യമായ പരിസീലനം നൽകുന്നു. | 6 മാസം | കായികാധ്യാപകർ | Rs. 5000 | പിറ്റിഎ<br>പൂർവ്വ വിദ്യാർത്ഥികൾ |
| ഓരോ കളികളുടെയും ചരിത്രവും നിയമങ്ങളും പഠിപ്പിക്കുക | കായിക ഉപകരണങ്ങൾ വാങ്ങുന്നു.<br>മികച്ച ഗ്രൗണ്ടുകൾ സന്ദർശിക്കുന്നു.<br>കായികതാരങ്ങളെ പരിചയപ്പെടുത്തുന്നു | നിരന്തരം പ്രവർത്തനങ്ങൾ | " | - | പിറ്റിഎ |
| കുട്ടികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | ക്രിക്കറ്റ്, ഫുട്ബാൾ, അത്‌ലറ്റിക്സ്, വോളിബാൾ, ഷട്ടിൽ, ചെസ്സ് തുടങ്ങിയ ഇനങ്ങളിൽ പങ്കെടുപ്പിക്കുക. | " | കായികാധ്യാപകർ | Rs. 15000 | പിറ്റിഎ |

AnyScanner

## കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം | പിന്തുണ സംവിധാനം |
|---|---|---|---|---|---|
| രചന | വസ്തുക്കളുടെ രൂപവും നിറവും മനസ്സിലാക്കി ചിത്രരചന നടത്തുന്നു. | നിരന്തര പ്രവർത്തനം | കലാധ്യാപകൻ | - | - |
| വായന | ചിത്രങ്ങളിൽ അടങ്ങിയിരിക്കുന്ന ആശയത്തെ മനസ്സിലാക്കാൻ പ്രാപ്തമാക്കുന്നു. | നിരന്തര പ്രവർത്തനം | " | - | - |
| കുട്ടികളുടെ നൈപുണ്യകശേഷി വളർത്തുക | ചിത്രങ്ങലിൽ നിഴലും വെളിച്ചവുമെന്ന പ്രകാശ വ്യതിയാനങ്ങൾ ആവിഷ്കരിക്കാൻ പരിശീലിപ്പിക്കുന്നു. | " | " | Rs - 1000 | PTA |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിക്കുക | ലോക പ്രശസ്ത ചിത്രകാരന്മാരുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ച് വിലയിരുത്തൽ നടത്തുന്നു. കുട്ടികളെ പരിശീലിപ്പിക്കുന്നു. മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | " | " | Rs. 3000 | PTA |
| ദിനാചരണങ്ങളിൽ കലാപഠനം ഉപയോഗപ്പെടുത്തുന്നു. | ദിനാചരണവുമായി ബന്ധപ്പെട്ട ചിത്രരചന നടത്തുന്നു. രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു ശാസ്ത്രീയമായ അറിവ് നൽകുക. | " | " | Rs:1000/- | PTA |
| കലാപഠനത്തിൽ ഈ സ്കൂളിൽ നിന്നും അന്താരാഷ്ട്ര പ്രതിഭകലെ സൃഷ്ടിക്കുക | മികച്ച പെയിന്റിംഗുകൾ ആവശ്യമായ സാധന സാമഗ്രികളെ കുറിച്ച് അറിവ് നൽകുക ആർട്ട് ലൈബ്രറി നിർമ്മാണം. | " | " | Rs. 50,000 | PTA |
| കലാ പഠനത്തിന് ഐ.റ്റി സാധ്യത പ്രയോജനപ്പെടുത്തൽ | കമ്പ്യൂട്ടറിൽ ചിത്ര രചന, എഡിറ്റിംഗേ, കളറിംഗ് എന്നിവ പരിശീലിപ്പിക്കുക. | " | " | Rs. 20000 | PTA |

# സംസ്കൃതം

## വാർഷികപദ്ധതി

### പ്രതീക്ഷിതനേട്ടങ്ങൾ

1. സംസ്കൃത പഠനത്തിന് താൽപ്പര്യം ജനിപ്പിക്കുക.
2. അക്ഷരസ്ഫുടതയോടെ സംസ്കൃതപദങ്ങൾ വായിക്കാനുള്ള കഴിവ് നേടാം.
3. സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ്.
4. വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടും.
5. സംസ്കൃതത്തിൽ സംസാരിക്കാനുള്ള ശേഷി.
6. കഥ, കവിത, എന്നിവ എഴുതുവാനും, പാടാനുമുള്ള കഴിവ് നേടും.

| ക്ര. നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃതകളരി, സംസ്കൃത ലഘുഗാനങ്ങൾ കേൾപ്പിക്കുന്നു. (അക്ഷരഗാനം, സംഖ്യാഗാനം, സുഭാഷിതങ്ങൾ ..... കൂടെ പാടിക്കുന്നു. | 1 മാസം | അധ്യാപകർ | ഇല്ല |
| 2 | ഉച്ചാരണം | അക്ഷരക്രമത്തിൽ ശ്ലോകങ്ങൾ കണ്ടെത്തുന്നു. അക്ഷരശ്ലോകസദസ്സ് നടത്തുന്നു. | 1 കൊല്ലം | അധ്യാപകർ കുട്ടികൾ | ഇല്ല |
| 3 | എഴുത്ത് | എഴുതി രീതി പരിചയപ്പെടുത്തുക, കുത്തുകൾ യോജിപ്പിച്ച് അക്ഷരം എഴുതുവാൻ പരിശീലനവും, പ്രേരണയും നൽകുന്നു. ഗ്രൂപ്പുകളിൽ വർണ്ണമാല ചാർട്ട് നിർമ്മാണം നടത്തുന്നു. | 1 മാസം | അധ്യാപകർ കുട്ടികൾ | ഇല്ല |
| 4 | കോശ നിർമ്മാണം | ശബ്ദകോശം, ചിത്രപദകോശം, സംഖ്യാകോശം, വാക്യരചന. | 1 കൊല്ലം | അധ്യാപകർ കുട്ടികൾ | ഇല്ല |

AnyScanner

| | | | | | |
|---|---|---|---|---|---|
| 5 | വായന | വായനസാമഗ്രികളുടെ ശേഖരണം, വായന, കാർഡുകളുടെ നിർമ്മാണം, ഭാഷാ ലാബ് നിർമ്മാണം, പുസ്തക പരിചായനം, കഥാകഥനം | | അധ്യാപകർ കുട്ടികൾ | ഇല്ല |
| 6 | അവതരണം | സംഭാഷണം, നാടകാഭിനയം | 1 കൊല്ലം | അധ്യാപകർ കുട്ടികൾ | ഇല്ല |
| 7 | ചിത്രീകരണം | സംസ്കൃത ഹ്രസ്വചിത്ര നിർമ്മാണം | 1 കൊല്ലം | അധ്യാപകർ കുട്ടികൾ | ഇല്ല |
| 8 | ചരിത്രബോധനം | മഹാൻമാരെ അറിയൽ<br>മഹാൻമാരുടെ ചരിത്രശേഖരണം<br>മഹാൻമാരുടെ ജീവിതരേഖ തയ്യാറാക്കൽ | 1 കൊല്ലം | അധ്യാപകർ കുട്ടികൾ | ഇല്ല |

AnyScanner